N1/51435/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 08.08.2023

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെൻറ് കോളേജ് അധ്യാപക അനധ്യാപക (Gazetted/Non Gazetted) ജീവനക്കാരുടെ ബാധ്യത / ബാധ്യതാ രഹിത സാക്ഷ്യപത്രം നൽകുന്നത് - സംബന്ധിച്ച്

സൂചന :- ധനകാര്യ (പെൻഷൻ ബി) വകുപ്പിൻറെ ജി.ഒ.(പി) നം.46/2023/ധന തീയതി 8/5/2023 & ജി.ഒ.(പി) നം.52/2023/ധന തീയതി 23/05/2023

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരും സർവീസിൽ നിന്നും വിരമിക്കുന്ന ഗസറ്റഡ് /നോൺ ഗസറ്റഡ് ജീവനക്കാരുടെ ബാധ്യത/ബാധ്യതാ രഹിത സാക്ഷ്യപത്രം ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കുമ്പോൾ ചുവടെ ചേർക്കുന്ന മാർഗ നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു.

(1) സൂചന ഉത്തരവിലെ അനുബന്ധ പ്രകാരമുള്ള മാതൃകയിൽ ബാധ്യത/ ബാധ്യതാ രഹിത സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.പ്രസ്തുത മാതൃകയിൽ ബാധ്യത/ ബാധ്യതാ രഹിത സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ജീവനക്കാരൻറെ സർക്കാരിതര സ്ഥാപനങ്ങളിലെ ബാധ്യത സംബന്ധിച്ചുള്ള വിവരവും ഉറപ്പായും രേഖപ്പെടുത്തേണ്ടതാണ്.

(2) ബാധ്യത/ ബാധ്യതാ രഹിത സാക്ഷ്യപത്രത്തിൽ ജീവനക്കാരൻറെ PEN കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

(3) വിരമിക്കുന്ന ജീവനക്കാരൻ അവസാന മൂന്ന് വർഷം ജോലി ചെയ്ത സ്ഥാപനങ്ങളുടെ പേരും ഓരോ സ്ഥാപനത്തിലും ഏതൊക്കെ കാലയളവിൽ ജോലി ചെയ്തുവെന്നും രേഖപ്പെടുത്തിയ സ്റ്റേറ്റ്മെൻറ് നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.അവസാനം ജോലി ചെയ്തിരുന്ന സ്ഥാപനം ബാധ്യത/ ബാധ്യതാ രഹിത സാക്ഷ്യപത്രം സംയോജിപ്പിച്ച് അവസാന മൂന്ന് വർഷ കാലയളവ് രേഖപ്പെടുത്തി സൂചന ജി.ഒ.പ്രകാരമുള്ള മാതൃകയിൽ സംയോജിപ്പിച്ച് അയച്ചുതരേണ്ടതാണ്.

(4) ബോണ്ടിൻറെ അടിസ്ഥാനത്തിലാണ് ബാധ്യത/ ബാധ്യതാ രഹിത സാക്ഷ്യപത്രം നൽകുന്നതെങ്കിൽ പ്രസ്തുത ബോണ്ടും ബാധ്യത/ ബാധ്യതാ രഹിത സാക്ഷ്യപത്രത്തിനൊപ്പം ഉൾപ്പെടുത്തി DDFS മുഖേന അയയ്ക്കേണ്ടതാണ്.

(5) വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ താമസംവിനാ നൽകേണ്ടത് കൊണ്ട് മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ വീഴ്ച്ച വരാതിരിക്കാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും പാലിക്കേണ്ടതുമാണ്.

# Approval Valid

Digitally Approved By
ജയകൃഷ്ണൻ ബി.എസ്സ്
Date: 08.08.2023
Reason: Approved

ഒപ്പ്/-
**ജയകൃഷ്ണൻ ബി.എസ്സ്**
അക്കൗണ്ട്സ് ഓഫീസർ

പകർപ്പ്:-

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഡി.ഡി.ഒ.മാർക്കും
2.സിസ്റ്റം മാനേജർ (സർക്കുലർ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)